# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 26, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

## കായൽ ടൂറിസത്തിന്റെ സാധ്യതകൾ

*241 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ നിലവിലുള്ള സാധ്യതകൾ പൂർണ്ണമായും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സുരക്ഷിതമായ കായൽ ടൂറിസത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഹൗസ് ബോട്ടുകളുടെ എണ്ണം ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം ക്രമീകരണത്തിനുള്ള മാനദണ്ഡം അറിയിക്കുമോ;

(സി) കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഹൗസ് ബോട്ടുകൾ മുഖേന കായലിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

## പ്ലസ് വൺ-ൽ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി

*242 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ പ്ലസ് വൺ -ൽ പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയത് വിദ്യാർഥികളുടെ പഠന നിലവാരത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ട് എന്ന് പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വിദ്യാഭാസ നിയമത്തിലും കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിലുമടക്കം ഒരു ക്ലാസ്സിൽ 50 വിദ്യാർത്ഥികളായി നിജപ്പെടുത്തിയിട്ടും കൂടുതൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## <u>തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം</u>

*243 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കാരണം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ നടപടി</u>

*244 **ശ്രീമതി ഒ എസ് അംബിക**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ;

(ബി) ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തുന്നതിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) മുദ്രവില നിർണ്ണയം കൂടുതൽ സുതാര്യവും നികുതിദായകവുമാക്കാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനം വഴി കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ</u>

*245 **ശ്രീ. എം.വിജിൻ**

**ഡോ. കെ. ടി. ജലീൽ**

**ശ്രീ. കെ. എം. സച്ചിൻദേവ്**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാഭ്യാസ ഏകീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ലോവർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ഓരോ ഘട്ടത്തിന്റെയും ഘടന വിശദമാക്കാമോ;

(സി) പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനനുസരിച്ച് അധ്യാപക യോഗ്യത പുനഃപരിശോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>പൊതുനിരത്തുകൾ അപകടരഹിതമാക്കാൻ നടപടി</u>**

*246 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ മൂടി നിർബന്ധമായും വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മൂടിയില്ലാത്തതും പൊട്ടിത്തകർന്ന മൂടികളോടു കൂടിയതുമായ കാനകൾ അപകടങ്ങൾക്ക് കാരണമാകുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ</u>**

*247 **ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ ജി എസ് ജയലാൽ**

**ശ്രീ. പി. ബാലചന്ദ്രൻ**

**ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഭാവി കാലത്ത് നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളി വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയാണെന്ന അന്താരാഷ്ട്ര വാർത്താ ഏജൻസി റോയിട്ടേഴ്സിന്റെ സർവേ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) തൊഴിൽ ലഭ്യതക്കുറവ് മൂലം രാജ്യത്തുണ്ടാകുന്ന സാമ്പത്തിക തകർച്ചയുടെ ആഘാതങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഡി) നിർമ്മാണ മേഖലയിലും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിലും രാജ്യത്തുണ്ടായിട്ടുള്ള തകർച്ച നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

**<u>പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക-കരാർ നിയമനങ്ങൾ</u>**

*248 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വിദ്യാഭ്യാസ വർഷത്തിൽ സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അധ്യാപക തസ്തികകളിലെ ഒഴിവുകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് സ്കൂൾ പി.ടി.എ.കളെ അധികാരപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പി.ടി.എ. വഴി നടത്തുന്ന നിയമനങ്ങളിൽ സംവരണം പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക-കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

**<u>സംസ്ഥാനത്തെ സാഹസിക വിനോദസഞ്ചാര കേന്ദ്രമാക്കാൻ പദ്ധതി</u>**

*249 **ശ്രീമതി യു പ്രതിഭ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി. വി. അൻവർ**
**ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈവിധ്യ പൂർണ്ണമായ ഭൂപ്രകൃതി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ആഗോള സാഹസിക വിനോദസഞ്ചാര കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(ബി) നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ കായിക വിനോദങ്ങളും ഇത്തരത്തിൽ വികസിപ്പിക്കാൻ കഴിയുന്ന കേന്ദ്രങ്ങളും ഏതെല്ലാമാണെന്നതു വിശകലനം ചെയ്തിട്ടുണ്ടോ?

**<u>പുതുക്കിയ പാഠ്യപദ്ധതിയും പാഠപുസ്തക വിതരണവും</u>**

*250 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ കൃത്യസമയത്ത് തന്നെ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സമൂഹത്തിന്റെ വൈവിധ്യത്തെ ഇല്ലാതാക്കി അസമത്വങ്ങളും അനീതികളും വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്ന കേന്ദ്രനയത്തിന് ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന്റെ പുതിയ പാഠ്യ പദ്ധതിക്കും പാഠപുസ്തകങ്ങൾക്കും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പുതുക്കിയ പാഠ്യപദ്ധതിയിൽ അക്കാദമിക മികവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന അധ്യാപക ശാക്തീകരണം വിജയകരമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) പൊതു വിദ്യാഭ്യാസം പിന്തുടരുന്ന എല്ലാ പാഠപുസ്തകങ്ങളുടെയും തുടക്കത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തിയിട്ടുള്ളത് കുട്ടികൾ ഭരണഘടന പഠിക്കുന്നതിനും അതിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനും സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതികൾ</u>

*251 **ശ്രീ ഒ . ആർ. കേളു**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ആസൂത്രണം ചെയ്ത പദ്ധതികൾ വിനോദസഞ്ചാര മേഖലയിൽ ഗുണപരമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്ത്രീ സൗഹൃദ വിനോദസഞ്ചാര ശൃംഖല സൃഷ്ടിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) സ്ത്രീ സൗഹൃദ വിനോദസഞ്ചാര മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിവരിക്കാമോ; പ്രസ്തുത ആപ്പിന്റെ ഉപയോഗം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) വനിതാ യാത്രികർക്ക് വിവിധ സേവനങ്ങളും ഹോംസ്റ്റേയും സുരക്ഷാ ജീവനക്കാരെയും മറ്റും വനിതകളിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ആധാരങ്ങളുടെ ഡിജിറ്റൈസേഷനും ഡിജിറ്റൽ സ്കെച്ചും</u>

*252 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇടപാടുകൾ നടത്തുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകൾ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നത് സാധ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

## ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്

*253 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് പദ്ധതി ആരംഭിച്ചതിന്റെ അനുഭവങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ കേന്ദ്രങ്ങൾ കണ്ടെത്തിയതിന്റേയും വികസിപ്പിച്ചതിന്റേയും വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ സ്വകാര്യ, പൊതുമേഖലകളിൽ വിവാഹങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശവും ഇതിലൂടെ ലഭ്യമായ വരുമാനവും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നിർമ്മാണ മേഖലയിൽ നവീന സാങ്കേതികവിദ്യകൾ

*254 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളും പാലങ്ങളും ഈടുനിൽക്കുന്നതിനായി നവീന പദ്ധതികൾ ഉപയോഗപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുത്തുന്ന നവീന സാങ്കേതികവിദ്യകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഏതൊക്കെ റോഡ്-പാലം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിൽ നടക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇത്തരം സാങ്കേതികവിദ്യകൾ വ്യാപകമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പൂർത്തിയായ പദ്ധതികളിൽ ഇത്തരം സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ വിശകലനം ചെയ്യാൻ നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>വിദ്യാർഥികളുടെ വീടുകളിലെത്തി പഠനപിന്തുണ ഉറപ്പാക്കാൻ പദ്ധതി</u>**

*255 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ വീടുകളിലെത്തി പഠനപിന്തുണ ഉറപ്പാക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വിദ്യാർത്ഥികളുടെ കഴിവുകളും പരിമിതികളും കണ്ടെത്തുന്നതിനായി പ്രത്യേക സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>പട്ടയ വിതരണവും പരിവേഷ് പോർട്ടലും</u>**

*256 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലകളിൽ പട്ടയവിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്തപരിശോധന നടത്തുന്നതിനും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 1997ന് മുമ്പ് കുടിയേറിയവർക്ക് അപേക്ഷ സമർപ്പിച്ചിട്ടും പട്ടയം ലഭിക്കാത്തതായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പരിവേഷ് പോർട്ടലിൽ നേരത്തെ പട്ടയത്തിന് അപേക്ഷ നൽകിയവർ രേഖയായി എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് ഹാജരാക്കണമെന്ന വ്യവസ്ഥ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>റീസർവേ പ്രവർത്തനങ്ങൾ</u>**

*257 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. എം. എം. മണി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളുടെ റീസർവേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രേഖകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) റീസർവേ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഡിജിറ്റൽ സർവേ നടത്തിയിട്ടുള്ള വില്ലേജുകളെ റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

*258 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ കൂടുതൽ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ അവരുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(സി) വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കുമോ;

(ഡി) അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## <u>റവന്യൂ റിക്കവറി നടപടി നിയമ ഭേദഗതി</u>

*259 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തശേഷം തിരിച്ചടവ് മുടങ്ങുന്നതിനെ തുടർന്നുള്ള ജപ്തി നടപടികളുടെ പേരിൽ ഉണ്ടാകുന്ന സമ്മർദ്ദവും പീഡനങ്ങളും നിമിത്തം ആത്മഹത്യ ചെയ്യേണ്ടി വരുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിനും മനുഷ്യത്വപരമായ ഇളവനുവദിക്കുന്നതിനും സർക്കാരിന് അധികാരം ലഭിക്കുന്ന വിധത്തിൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) സർക്കാർ ബാധ്യതകളിന്മേൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ച വ്യക്തിയുടെ ഭൂമി നിശ്ചിത കാലപരിധിക്കുള്ളിൽ തിരികെ ലഭിക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ?

**സ്കൂളുകളിലെ കലാപഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ**

*260 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാസാക്ഷരരായ സമൂഹത്തെ സൃഷ്ടിക്കുന്നതിലേക്ക് സ്കൂളുകളിലെ കലാപഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും പ്രത്യേകമായി വിഷയങ്ങൾ നിശ്ചയിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; അതിനായി കലാവിഭാഗം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പരിശീലനത്തിലുപരി ശിൽപ്പകലയുടെയും ചിത്രകലയുടെയും ദേശീയവും വൈദേശികവുമായ ചരിത്രവും സംസ്കാരവും പഠിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; പാഠപുസ്തകം തയ്യാറാക്കുന്നതിന് ഈ രംഗത്തെ വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ?

**വിനോദസഞ്ചാര മേഖലകളിലെ അപകടമരണങ്ങൾ**

*261 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അപകടമരണങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ**

*262 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയാത്തവരുടെ പാർപ്പിടം എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ രീതികൾക്കൊപ്പം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിതി കേന്ദ്രത്തിന്റെയും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെയും നേതൃത്വത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ;

(ഡി) നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ത്രീ ഡി പ്രിന്റിംഗ് സാങ്കേതികവിദ്യയ്ക്ക് കൂടുതൽ പ്രചാരം നൽകുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ച നടപടി</u>

*263 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് അധ്യാപകർ കൂട്ട അവധി എടുത്തത് മൂലം വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ അധ്യയന വർഷം അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കാൻ ഇടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ;

(ഡി) അധ്യാപകരുടെ കൂട്ട അവധി അപേക്ഷയിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

## <u>ശബരിമല റോഡുകളുടെ നവീകരണം</u>

*264 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ശബരിമല റോഡുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ;

(സി) ശബരിമല റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഫെയർവാല്യൂ നിർണ്ണയം

*265 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ഫെയർവാല്യൂ നിർണ്ണയം നടത്തിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പോള വിലയെക്കാൾ വളരെ താഴ്ന്ന നിരക്കിലാണ് നിലവിൽ ഫെയർ വാല്യൂ നിർണ്ണയിച്ചിരിക്കുതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭൂമിയുടെ ഫെയർ വാല്യൂ നിർണ്ണയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## നിർമ്മാണ പ്രവൃത്തികൾക്ക് അത്യാധുനിക സാങ്കേതികവിദ്യ

*266 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങളുടെയും മേൽപാതകളുടെയും നിർമ്മാണം അത്യാധുനിക സാങ്കേതികവിദ്യയിലേക്ക് മാറേണ്ട സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാലങ്ങളും മേൽപാതകളും നിർമ്മിക്കുന്നതിന് അൾട്രാ ഹൈ പെർഫോമൻസ് ഫൈബർ റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റിംഗ് സാങ്കേതികവിദ്യ സംസ്ഥാനത്ത് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## ഹെൽത്ത് കെയർ ടൂറിസം

*267 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ വി ജോയി**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് കെയർ ടൂറിസം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുള്ള അനുകൂല ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആയുർവേദം, പ്രകൃതി ചികിത്സ, പഞ്ചകർമ്മ, കളരി തുടങ്ങിയ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ആവശ്യമായ പഠനങ്ങളും ആസൂത്രണവും നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആയുർവേദ രംഗത്തെ നൂതന ഉല്പന്നങ്ങൾ, സേവനങ്ങൾ, എന്നിവ ദേശീയ അന്തർദേശീയ തലത്തിൽ വിപണനം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പ്രകൃതി ചികിത്സയുടെയും മറ്റ് പാരമ്പര്യ ചികിത്സയുടെയും വിപണന സാധ്യതകൾ വിലയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## മലയോര ഹൈവേ വികസന പദ്ധതി

*268 **ശ്രീ. എ. രാജ**

**ശ്രീ. എം. എം. മണി**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന മലയോര ഹൈവേ വികസന പദ്ധതിയുടെ സാമ്പത്തികാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും പൂർത്തിയായതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ ഭാഗങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) മലയോര ഹൈവേയുടെ ഏതെങ്കിലും ഭാഗങ്ങൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി പൂർണ്ണമായും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## ഒഡെപെക് പ്രവർത്തനങ്ങൾ

*269 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. എച്ച്. സലാം**

**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഡെപെക് 2016 ജൂൺ മുതൽ ഏതൊക്കെ മേഖലകളിൽ എത്രത്തോളം വിദേശ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒഡെപെക് നടത്തിവരുന്ന പാക്കേജ് ടൂറുകളുടെയും എയർ ടിക്കറ്റിംഗിന്റെയും വിശദാംശം അറിയിക്കാമോ;

(സി) പരിശീലനത്തിനും വിദേശ പഠന രംഗത്തും ഒഡെപെക് നടത്തി വരുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഒഡെപെകിന്റെ നേതൃത്വത്തിലുള്ള ട്രാവൽ ഡിവിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങളും അതുവഴി ലഭ്യമായ വരുമാനവും വെളിപ്പെടുത്തുമോ?

**മലബാറിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച ഹൈക്കോടതിയിലെ കേസ്**

*270 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ ബാച്ചുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ അധികൃതർ ഹൈക്കോടതിയിൽ നൽകിയ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പ്ലസ് വൺ സീറ്റില്ലെന്ന പരാതിയുമായി ഒരു വിദ്യാർത്ഥി പോലും കോടതിയിൽ പോയിട്ടില്ല എന്നത് സീറ്റുകൾ ആവശ്യത്തിനുണ്ട് എന്നതിന്റെ തെളിവാണ് എന്ന വാദമാണോ സർക്കാർ കോടതിയിൽ ഉന്നയിച്ചത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാദം ഹൈക്കോടതി തള്ളി എന്നത് വസ്തുതയാണോ; വിശദാംശം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 18, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].